(എഫ്) നഗരകാര്യ ഡയറക്ടറുടെ അവലോകന യോഗത്തിൽ പദ്ധതി പ്രവർത്തനം വിലയിരുത്താറുണ്ട്. കഴിഞ്ഞ അവലോകന യോഗത്തിൽ പദ്ധതി തുക വിനിയോഗിക്കുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മൾട്ടിസെക്റ്റർ ഡവലപ്മെന്റ് പ്രോജക്റ്റ്

182 (1940) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൾട്ടി സെക്റ്റർ ഡവലപ്മെന്റ് പ്രോജക്റ്റ് നടപ്പാക്കാൻ രാജ്യത്ത് ന്യൂനപക്ഷ കേന്ദ്രീകൃതമായ 90 ജില്ലകൾ തിരഞ്ഞെടുത്തപ്പോൾ കേരളത്തിൽ നിന്ന് ഉൾപ്പെട്ടത് വയനാട് ജില്ല മാത്രമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) സംസ്ഥാനത്തെ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളായ കാസർഗോഡ്, കണ്ണൂർ, മലപ്പുറം, കോഴിക്കോട്, പാലക്കാട് എന്നിവ പദ്ധതിയിൽ ഉൾപ്പെടാതെ പോയതിനുള്ള കാരണം വ്യക്തമാക്കുമോ :

(സി) പദ്ധതിയുടെ കാലാവധി 2012-ൽ അവസാനിക്കുമെന്നിരിക്കെ മുകളിൽ പറഞ്ഞ ജില്ലകളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നുണ്ടോ :

(ഡി) പദ്ധതിയിൽ ഉൾപ്പെട്ട വയനാടിന്റെ പദ്ധതി നടത്തിപ്പ് ആശാവഹമല്ലെന്ന് ദേശീയ മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : എങ്കിൽ വിശദാംശം നൽകുമോ :

(ഇ) വയനാട്ടിൽ നിന്ന് സമർപ്പിച്ച പദ്ധതികളിൽ ഏതിനൊക്കെ കേന്ദ്ര സഹായം ലഭ്യമായി ; ഏതൊക്കെ പദ്ധതികൾ കേന്ദ്രം നിരസിച്ചു ; അവ പോരായ്മകൾ തീർത്ത് വീണ്ടും സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ :

(എഫ്) മലപ്പുറം, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, പാലക്കാട് ജില്ലകളുടെ പ്രൊപ്പോസൽ സമർപ്പിക്കാനുള്ള താമസം അവ ജില്ലകളിൽനിന്ന് യഥാസമയം ലഭിക്കാത്തതാണോ ; എങ്കിൽ ഇത് ലഭ്യമാക്കാനും പ്രോജക്റ്റ് കേന്ദ്രത്തിന് സമർപ്പിക്കാനും നടപടി സ്വീകരിക്കുമോ ;

(ജി) പ്രസ്തുത ജില്ലകളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാജ്യത്ത് ന്യൂനപക്ഷങ്ങൾ കൂടുതലായി താമസിക്കുന്നതും പിന്നോക്കാവസ്ഥയുള്ളതുമായ 90 ജില്ലകളെ തെരഞ്ഞെടുത്ത് ഈ ജില്ലകളുടെ സമഗ്രവികസനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതിയാണ് മൾട്ടിസെക്ടർ ഡവലപ്മെന്റ് പ്രോഗ്രാം. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, വയനാട് എന്നീ ജില്ലകളെ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനായിട്ടുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചെങ്കിലും വയനാട് ജില്ലയെ മാത്രമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. 2001-ലെ സെൻസസ് രേഖകളുടെ അടിസ്ഥാനത്തിലും ജില്ലയിലെ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലുമാണ് വയനാട് ജില്ലയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

(സി) വയനാട് ജില്ലയിൽ നടപ്പാക്കിവരുന്ന മൾട്ടി സെക്ടറൽ ഡവലപ്മെന്റ് പ്രോഗ്രാം കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ കൂടി നടപ്പാക്കണമെന്ന് പാലോളി കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വയനാട് ജില്ലയിലെ ന്യൂനപക്ഷങ്ങളുടെ സർവ്വതോന്മുഖമായ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികളിൽ ആരോഗ്യമേഖലയിൽ 10 ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 180 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും 91 ലക്ഷം രൂപ (76.50 ലക്ഷം കേന്ദ്ര വിഹിതവും 14.50 ലക്ഷം സംസ്ഥാന വിഹിതം) ജില്ലയ്ക്ക് അനുവദിക്കുകയും ചെയ്തു. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 349.98 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതിയും മേപ്പാടി പോളിടെക്നിക് കോളേജിന്റെ ലാബ് സൗകര്യ വികസനത്തിന് 75 ലക്ഷം രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചു. ബന്ധപ്പെട്ട വകുപ്പുകൾ വഴി പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കുടിവെള്ള വിതരണത്തിനായി 13.80 കോടിരൂപ അടങ്കൽ വരുന്ന പദ്ധതി കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രം നിർദ്ദേശിച്ച പ്രകാരം മീനങ്ങാടി പോളിടെക്നിക്കിന്റെയും കൽപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യുടെയും വികസനത്തിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

(എഫ്&ജി) കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, വയനാട് എന്നീ അഞ്ച് ജില്ലകളെ മൾട്ടി സെക്ടറൽ ഡവലപ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനായിട്ടുള്ള നിർദ്ദേശം യഥാസമയം കേന്ദ്ര സർക്കാരിന് സമർപ്പിച്ചെങ്കിലും വയനാട് ജില്ലയെ മാത്രമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. വയനാട് ജില്ലയിൽ നടപ്പാക്കി വരുന്ന മൾട്ടി സെക്ടറൽ ഡവലപ്മെന്റ് പ്രോഗ്രാം കണ്ണൂർ, കോഴിക്കോട് മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ഏഴ് ജില്ലകളിൽ കൂടി നടപ്പാക്കണമെന്ന് പാലോളി കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly